# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 912 — 09.08.2017-ൽ മറുപടിക്ക്

## ജലാശയങ്ങളിലെ പോള നീക്കം ചെയ്യൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് ജൈവീകമായി പോള നിയന്ത്രണം സാധ്യമാണെന്ന കാർഷിക ശാസ്ത്രജ്ഞരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജൈവീക പോള നിയന്ത്രണത്തിന്റെ സാധ്യതകൾ എത്രത്തോളമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(എ) യും (ബി) യും

ഉണ്ട്.

കുട്ടനാടൻ ജലാശയങ്ങളിൽ തിങ്ങി നിറഞ്ഞിരിക്കുന്ന പോളയുടെ നിർമ്മാർജ്ജനത്തെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും കുട്ടനാട്ടിൽ നിറഞ്ഞിരിക്കുന്ന പോള കാരണം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗൗരവപൂർവ്വം പരിശോധിക്കുന്നതിനുമായി കേന്ദ്ര കൃഷി മന്ത്രാലയ വിദഗ്ധ സമിതിയിലെ ജബൽ പൂരിലുള്ള ദേശീയ കള ഗവേഷണ കേന്ദ്രം (ICAR – Directorate of Weed Research, Jabalpur) ഡയറക്ടർ ഡോ.എ.ആർ.ശർമ്മയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം 24.01.2017 ന് കുട്ടനാട്ടിൽ ഒരു സർവ്വേ നടത്തുകയും ജലസസ്യങ്ങൾ (പ്രധാനമായും കുളവാഴ) മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിശോധിക്കുകയും ചെയ്തു. തുടർന്ന് മങ്കൊമ്പിലുള്ള നെല്ല് ഗവേഷണ കേന്ദ്രത്തിൽ വച്ച് നടന്ന യോഗത്തിൽ പോള നിവാരണം ചെയ്യുന്നതിന് ജൈവിക മാർഗ്ഗമായി സിട്രോബാഗസ് സാൽവീനിയെ എന്ന വണ്ടിനെ ഫലപ്രദമായി വിനിയോഗിക്കാം എന്ന് സമിതി വിലയിരുത്തി. മുൻപ് വിതരണം നടത്തിയിരുന്ന നിയോചേറ്റിന എകോർണിയ, നിയോചേറ്റിന ബ്രൂചി എന്നീ വണ്ടുകൾ ഭൂരിഭാഗം സ്ഥലങ്ങളിലും വ്യാപിച്ചിട്ടുണ്ട്. തൊഴിലാളികൾ, കർഷകർ,

സ്വയം സഹായസംഘങ്ങൾ എന്നിവരുടെ സഹായത്തോടെ പോള നീക്കം ചെയ്യണമെന്നാണ് സമിതിയുടെ നിർദ്ദേശം. നീക്കം ചെയ്യുന്ന പോള മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റാവുന്നതാണ്. ഉപ്പുവെള്ളം കയറ്റിവിട്ടാൽ പോള നശിക്കുമെന്നത് ശാസ്ത്രീയമായി കുട്ടനാട്ടിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മേൽപറഞ്ഞ രീതിയിലുള്ള പോളനിയന്ത്രണം സംബന്ധിച്ച പഠനങ്ങൾ ആലപ്പുഴ കനാൽ ക്ലീനിംഗുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തി സമഗ്ര സമീപനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

(സി) ഡോ.കെ.ജി.പത്മകുമാറിന്റെ (ഡയറക്ടർ, ഇന്റർനാഷണൽ റിസർച്ച് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്, ആലപ്പുഴ) നേതൃത്വത്തിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ ജില്ലാ കൃഷി ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് പ്രതിനിധി, മൽസ്യ ബന്ധന വകുപ്പ് പ്രതിനിധി, കുമരകം RARS ലെയും, മങ്കൊമ്പ് RARS ലെയും ശാസ്ത്രജ്ഞർ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ നിറഞ്ഞിരിക്കുന്ന പോളനീക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**